**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3542** **05-08-2021 - ൽ മറുപടിയ്ക്ക്**

**കഞ്ചിക്കോട് വ്യവസായ മേഖലയിലെ ആഭ്യന്തര റോഡുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കഞ്ചിക്കോട് വ്യവസായ മേഖലയിലെ ആഭ്യന്തര റോഡുകളുടെ നവീകരണത്തിനും അറ്റകുറ്റപണികൾക്കും വ്യവസായ വകുപ്പ് ഫണ്ട് അനുവദിക്കാറുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളും നടപടിക്രമവും വിശദമാക്കാമോ; | (എ) | ഉണ്ട്. വ്യവസായ മേഖലയിലെ ആഭ്യന്തര റോഡുകളുടെ അവസ്ഥ പരിശോധിച്ച് പുനർനിർമ്മാണം അറ്റകുറ്റപ്പണി എന്നിവയുടെ ആവശ്യകത ഉണ്ടാകുകയാണെങ്കിൽ പൊതുമരാമത്ത് വകുപ്പോ മറ്റ് സർക്കാർ അംഗീകൃത സ്ഥാപനങ്ങളോ മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കി വ്യവസായ വാണിജ്യ ഡയറക്ടർ മുഖേന സർക്കാരിലേക്ക് സമർപ്പിക്കുന്നു. ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് അംഗീകൃത സർക്കാർ സ്ഥാപനങ്ങൾ വഴി പദ്ധതി നടപ്പിലാക്കുന്നു. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത റോഡുകളുടെ നവീകരണത്തിനായി വ്യവസായ വകുപ്പ് അനുവദിച്ച തുകയുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | കഞ്ചിക്കോട് വ്യവസായ മേഖലയിൽ സ്ഥിതി ചെയ്യുന്ന പുതുശ്ശേരി വ്യവസായ വികസന ഏരിയയിലെ റോഡുകളുടെ നവീകരണത്തിനായി 41.8 ലക്ഷം രൂപയും കഞ്ചിക്കോട് ന്യൂ ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് ഏരിയയിലെ റോഡുകളുടെ നവീകരണത്തിനായി 22.76 കോടി രൂപയും കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ അനുവദിച്ചിരുന്നു. ഇതിൽ പുതുശ്ശേരി വ്യവസായ വികസന ഏരിയയിലെ റോഡുകളുടെ നവീകരണം പൂർത്തിയായിട്ടുള്ളതും ന്യൂ ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് ഏരിയയിലെ റോഡുകളുടെ നവീകരണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലുമാണ്. |

സെക്ഷൻ ഓഫീസർ